**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 96** **29-01-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് "സൈറ്റ് ക്ലിയറൻസ്" അനുമതിയും, കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സെക്യൂരിറ്റി ക്ലിയറൻസ് ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു; ഇതിന്റെ അപേക്ഷ ഒക്ടോബർ 2023-ൽ തന്നെ ഓൺലൈൻ ആയി സമർപ്പിച്ചിട്ടുണ്ട്.<br>ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ഏകദേശം 2570 ഏക്കർ വിസ്തൃതിയുള്ള ഭൂമി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനോടനുബന്ധിച്ച സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കില പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തിയ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് അന്തിമ റിപ്പോർട്ട് 30.06.2023-ന് സമർപ്പിക്കുകയും ആയത് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിന് ഏഴംഗ വിദഗ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിദഗ്ധ സമിതി സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും പദ്ധതി പൊതു ആവശ്യം മുൻനിർത്തിയുള്ളതാണെന്നും, പദ്ധതി മൂലം സൃഷ്ടിക്കപ്പെടുന്ന സാമൂഹിക-സാമ്പത്തിക വികസനം പദ്ധതി വന്നാലുണ്ടായേക്കാവുന്ന സാമൂഹിക പ്രത്യാഘാതങ്ങളേക്കാളും കൂടുതലാണെന്നും കണ്ടെത്തുകയും ഇതിനായി |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിട്ടുള്ള 2570 ഏക്കർ ഭൂമി ഒരു അന്താരാഷ്ട്ര വിമാനത്താവളത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തൃതിയാണെന്നും വിലയിരുത്തിക്കൊണ്ട് ശുപാർശ സമർപ്പിക്കുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ പൊന്തൻപുഴ വനമേഖലയോ മറ്റേതെങ്കിലും വനമേഖലയോ ഉൾപ്പെടുന്നില്ല. |
| (സി) | സ്ഥലമേറ്റെടുക്കൽ നടപടികളിൽ പൊന്തൻപുഴ വനമേഖലയുമായി ബന്ധപ്പെട്ട് പട്ടയം ലഭിക്കാത്തവരുടെ സ്ഥലവും ഉൾപ്പെട്ടിട്ടുള്ളതിനാൽ വസ്തു ഉടമസ്ഥർക്ക് നിയമപ്രകാരം ലഭിക്കുന്ന നഷ്ടപരിഹാരം ലഭിക്കാൻ എന്തെങ്കിലും തടസ്സം നേരിടുമോ; പതിറ്റാണ്ടുകളായി അവിടെ താമസിക്കുന്ന വ്യക്തികൾക്ക് നഷ്ടപരിഹാരത്തിന് സ്പെഷ്യൽ പാക്കേജ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തിയ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് അന്തിമ റിപ്പോർട്ട് 30.06.2023-ന് സമർപ്പിക്കുകയും ആയത് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിന് ഏഴംഗ വിദഗ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിദഗ്ധ സമിതി സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും പദ്ധതി പൊതു ആവശ്യം മുൻനിർത്തിയുള്ളതാണെന്നും, പദ്ധതി മൂലം സൃഷ്ടിക്കപ്പെടുന്ന സാമൂഹിക-സാമ്പത്തിക വികസനം പദ്ധതി വന്നാലുണ്ടായേക്കാവുന്ന സാമൂഹിക പ്രത്യാഘാതങ്ങളേക്കാളും കൂടുതലാണെന്നും കണ്ടെത്തുകയും ഇതിനായി കണ്ടെത്തിയിട്ടുള്ള 2570 ഏക്കർ ഭൂമി ഒരു അന്താരാഷ്ട്ര വിമാനത്താവളത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തൃതിയാണെന്നും വിലയിരുത്തിക്കൊണ്ട് ശുപാർശ സമർപ്പിക്കുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ പൊന്തൻപുഴ വനമേഖലയോ മറ്റേതെങ്കിലും വനമേഖലയോ ഉൾപ്പെടുന്നില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഡിസൈൻ, ഡി.പി.ആർ. എന്നിവ പൂർത്തിയായിട്ടുണ്ടോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ഡി) | ശബരിമല വിമാനത്താവള പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാധ്യതാ പഠന (Techno Economic Feasibility Study) റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിഗണിച്ചുകൊണ്ടാണ് പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയം "സൈറ്റ് ക്ലിയറൻസ്" അനുമതി നല്കിയത്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തിരഞ്ഞെടുക്കുന്നതിലേക്കായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്; ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. DPR തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഡിസൈൻ, അലൈൻമെന്റ് എന്നിവയിൽ തീരുമാനമെടുക്കാൻ കഴിയൂ. |
| (ഇ) | പ്രസ്തുത ഡിസൈൻ പ്രകാരം സമീപത്തുള്ള | (ഇ) | ശബരിമല വിമാനത്താവള പദ്ധതിയുടെ |

| | | | |
|---|---|---|---|
| | റോഡുകളുടെ അലൈൻമെന്റിൽ വ്യത്യാസം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | | സാങ്കേതിക സാമ്പത്തിക സാധ്യതാ പഠന (Techno Economic Feasibility Study) റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിഗണിച്ചുകൊണ്ടാണ് പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയം "സൈറ്റ് ക്ലിയറൻസ്" അനുമതി നല്കിയത്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തിരഞ്ഞെടുക്കുന്നതിലേക്കായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്; ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. DPR തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഡിസൈൻ, അലൈൻമെന്റ് എന്നിവയിൽ തീരുമാനമെടുക്കാൻ കഴിയൂ. |
| (എഫ്) | പ്രസ്തുത പദ്ധതിക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എസ്.പി.വി.യുടെ ഓഫീസ് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | ശബരിമല അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പിന് ഒരു കമ്പനി (SPV) രൂപീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ